ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 06.01.2026**

## പ്രധാനവാർത്തകൾ

1. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസിന്റെ കീഴിൽ മലയാളം ഉൾപ്പടെ നാല് ഭാഷകളിൽ തയ്യാറാക്കിയ 41 സാഹിത്യ കൃതികളുടെ പ്രകാശനം കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ ന്യൂഡൽഹിയിൽ നിർവ്വഹിച്ചു.

2. കേന്ദ്ര സഹമന്ത്രി എൽ.മുരുഗൻ ഇന്ന് കോട്ടയം ഐ.ഐ.എം.സി യിലെ വിദ്യാർത്ഥികളുമായി സംവദിക്കും. സ്വകാര്യ മാധ്യമ സ്ഥാപനം കോട്ടയത്ത് സംഘടിപ്പിക്കുന്ന പരിപാടിയിലും കേന്ദ്ര സഹമന്ത്രി പങ്കെടുക്കും.

3. ഇന്ന് ദേശീയ സിദ്ധ ദിനം. ദിനാചരണത്തിന്റെ ഭാഗമായുള്ള സംസ്ഥാനതല പരിപാടി മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യു.

4. നാലാമത് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് നാളെ തിരിതെളിയും. മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിക്കും.

5. പരീക്ഷാ സമ്മർദ്ദം കുറയ്ക്കുന്നതിന് വിദ്യാർത്ഥികൾക്കായി സൈക്കോ-സോഷ്യൽ കൗൺസിലിംഗ് പിന്തുണ ആരംഭിച്ച് **CBSE.**

RNU TVPM

6. ക്വാലാലംപൂരിൽ നടക്കുന്ന മലേഷ്യ ഓപ്പൺ ബാഡ്മിന്റണിൽ ഇന്ത്യയുടെ പി.വി.സിന്ധു മത്സരിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## അമിത്ഷാ -സി.എസ്.ആർ

CSR കോൺക്ലേവ് കേന്ദ്ര മന്ത്രി അമിത് ഷാ ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ ഇന്ന് ഉദ്ഘാടനം ചെയ്യും. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് സംഘടിപ്പിക്കുന്ന കോൺക്ലേവിൽ കുട്ടികളിലെ പോഷകാഹാരക്കുറവ് ചെറുക്കുന്നതിനുള്ള സഹകരണപരവും നൂതനവും സുസ്ഥിരവുമായ തന്ത്രങ്ങൾ ചർച്ച ചെയ്യും.

RNUTVPM

☸☸☸☸☸☸☸☸☸☸☸☸☸

## ധർമേന്ദ്ര പ്രധാൻ

രാജ്യത്ത് ആയിരത്തിലേറ ഭാഷകൾ നിലവിൽ ഉണ്ടെന്നും ഓരോ ഭാഷക്കും അതിന്റേതായ പ്രധാന്യം ഉണ്ടെന്നും കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ . സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസിന്റെ കീഴിൽ വികസിപ്പിച്ചെടുത്ത 41 സാഹിത്യ കൃതികൾ ന്യൂഡൽഹിയിൽ പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം.തമിഴ് തിരുക്കുറലിന്റെ 45 എപ്പിസോഡുകളുള്ള ആംഗ്യഭാഷാ വ്യാഖ്യാന പരമ്പരയ്ക്കൊപ്പം 13 പുസ്തകങ്ങളുടെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു. കന്നഡ, തെലുങ്ക്, മലയാളം, ഒഡിയ എന്നീ ഭാഷകളിലെ സെന്റേഴ്സ് ഓഫ് എക്സലെൻസിന്റെ കീഴിലാണ് ഈ കൃതികൾ വികസിപ്പിച്ചെടുത്തത്.

❁❁❁❁❁❁❁❁❁❁❁❁❁

## എൽ.മുരുഗൻ

കേന്ദ്ര സഹമന്ത്രി എൽ.മുരുഗൻ ഇന്ന് കോട്ടയത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. ഐ.ഐ.എം.സി കോട്ടയം സന്ദർശിക്കുന്ന കേന്ദ്രമന്ത്രി വിദ്യാർത്ഥികളുമായി സംവദിക്കും. കെപിഎസ് മേനോൻ ഹാളിൽ കേരള കൗമുദി സംഘടിപ്പിക്കുന്ന പരിപാടിയിൽ അദ്ദേഹം ഇന്ന് വൈകുന്നേരം പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## എസ്.ഐ.ആർ

കേരളത്തിൽ കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാം. കരട് വോട്ടർ പട്ടികയിലെ ഹിയറിങ്ങ് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു.

PNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി - എസ്.ഐ.ആർ

കേരളത്തിൽ അർഹരായ മുഴുവൻ ആളുകളെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മതിയായ രേഖകൾ കൈവശമില്ലാത്തവർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ രേഖകൾ ലഭ്യമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. ആവശ്യമുള്ള സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ ഹിയറിംഗ് കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതിനും, ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി.

## തദ്ദേശ വാർഡുകളിലെ തിരഞ്ഞെടുപ്പ്

സ്ഥാനാർത്ഥികളുടെ മരണത്തെത്തുടർന്ന് വോട്ടെടുപ്പ് മാറ്റിവച്ച മൂന്ന് തദ്ദേശ വാർഡുകളിൽ ഈ മാസം 12 ന് പ്രത്യേക തിരഞ്ഞെടുപ്പ് നടക്കും. മലപ്പുറം പായിംപാടം, എറണാകുളം ഓണക്കൂർ, തിരുവനന്തപുരം വിഴിഞ്ഞം എന്നീ വാർഡുകളിലാണ് പ്രത്യേക തിരഞ്ഞെടുപ്പ് നടക്കുന്നത്. വോട്ടെണ്ണൽ 13 ന് നടക്കും.

## നിയമസഭ പുസ്തകോത്സവം (ഇൻട്രോ)

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പിന് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. ആർ ശങ്കരനാരായണൻ തമ്പി ഹാളിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. പുസ്തകോത്സവത്തിന് മുന്നോടിയായി ഫെസ്റ്റിവൽ ഓഫിസ് മന്ത്രി വി.ശിവൻകുട്ടി ഇന്ന് രാവിലെ ഉദ്ഘാടനം ചെയ്തു. നിയമസഭാ സമുച്ചയത്തെ വർണശബളമാക്കുന്ന വൈദ്യുതാലങ്കാരങ്ങളുടെ ഉദ്ഘാടനം വൈകിട്ട് സ്പീക്കർ എ.എൻ.ഷംസീർ നിർവഹിക്കും.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്....**
**( വോയിസ്.....)**

## പുസ്തകോത്സവം - മൃഗശാല

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് പങ്കെടുക്കാൻ എത്തുന്ന വിദ്യാർത്ഥികൾക്ക് നാളെ മുതൽ 13 വരെ

തിരുവനന്തപുരം മൃഗശാലയും മ്യൂസിയവും സൗജന്യമായി സന്ദർശിക്കാം. പുസ്തകോത്സവത്തോട് അനുബന്ധിച്ച് ഈ മാസം 12 ന് മൃഗശാലയും മ്യൂസിയങ്ങളും തുറന്നു പ്രവർത്തിക്കുമെന്ന് മ്യൂസിയം മൃഗശാല ഡയറക്ടർ അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## സുരേഷ് കൽമാഡി

മുൻ കേന്ദ്രമന്ത്രി സുരേഷ് കൽമാഡി അന്തരിച്ചു. പൂനെയിലായിരുന്നു അന്ത്യം. 82 വയസ്സായിരുന്നു. ദീർഘ നാളായി അസുഖബാധയെത്തുടർന്നു ചികിത്സയിലായിരുന്നു. മുൻ പ്രധാനമന്ത്രി പി.വി. നരസിംഹറാവുവിന്റെ കാലത്ത് റെയിൽവേ സഹമന്ത്രിസ്ഥാനം വഹിച്ചു. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ പ്രസിഡന്റായും അദ്ദേഹം സേവനമനുഷ്ഠിച്ചു.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## സിദ്ധ ദിനാചരണം

ഇന്ന് ദേശീയ സിദ്ധ ദിനം. ആഗോള ആരോഗ്യത്തിന് സിദ്ധ എന്നതാണ് ഈ വർഷത്തെ പ്രമേയം. ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാന ആയുഷ് വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ്, നാഷണൽ ആയുഷ് മിഷൻ കേരള എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് നിർവഹിച്ചു. ദിനാചരണത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കുന്നുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

## മാധ്യമ ശിൽപശാല

PIB യും നെടുമങ്ങാട് പ്രസ്സ് ക്ലബ്ബും ചേർന്ന് നടത്തുന്ന പ്രാദേശിക മാധ്യമ ശില്പശാല നെടുമങ്ങാട് പുരോഗമിക്കുന്നു. മാധ്യമങ്ങൾ വികസന വാർത്തകൾക്കായുള്ള ഇടം മാറ്റിവെയ്ക്കണം. അത്തരത്തിലുള്ള വാർത്തകൾക്ക് മുൻഗണന നൽകണമെന്ന് പരിപാടി ഉദ്ഘാടനം ചെയ്യവെ പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ അഡീഷണൽ ഡയറക്ടർ ജനറൽ വി പളനിച്ചാമി പറഞ്ഞു. വാർത്തയിൽ സൈബർ കുറ്റകൃത്യങ്ങളും ഡിജിറ്റൽ സുരക്ഷയും എന്ന വിഷയത്തിൽ തിരുവനന്തപുരം സൈബർ ക്രൈം പോലീസ് സ്റ്റേഷൻ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ശ്രീ സിബി പോൾ ക്ലാസ് നയിച്ചു.

RNU TVPM

## പാലക്കാട് - പദ്ധതി (ഇൻട്രോ)

പാലക്കാട് ജില്ലയിലെ മലമ്പുഴ ജലസേചന കനാലുകൾ നവീകരിക്കാൻ 200 കോടി രൂപയുടെ പദ്ധതിക്ക് അനുമതിയായി. ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന കേര പദ്ധതിയിൽ ഉൾപ്പെടുത്തിയായിരിക്കും നവീകരണം നടത്തുക.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി **ഫൈസൽ അലി മുത്ത്.....**

(വോയിസ്)

## സി.ബി.എസ്.ഇ - കൗൺസിലിംഗ്

പരീക്ഷാ സംബന്ധമായ സമ്മർദ്ദം പരിഹരിക്കുന്നതിന് വിദ്യാർത്ഥികൾക്കായി സൈക്കോ-സോഷ്യൽ കൗൺസിലിംഗ് പിന്തുണ ആരംഭിച്ച് CBSE .10, 12

ക്ലാസുകളിലെ കുട്ടികളെ പരീക്ഷാ പേടി അകറ്റി ആത്മവിശ്വാസത്തോടെയും വ്യക്തതയോടെയും പരീക്ഷയെ നേരിടാൻ സഹായിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സൗജന്യ കൗൺസിലിംഗ് സേവനങ്ങളുടെ ആദ്യ ഘട്ടം ഇന്ന് മുതൽ ജൂൺ 1 വരെ തുടരും. സേവനങ്ങൾക്കായി വിദ്യാർത്ഥികൾക്ക് 1800 118 004 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. പരിശീലനം ലഭിച്ച 73 പ്രൊഫഷണലുകളുടെ സേവനം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും 24 മണിക്കൂറും ലഭ്യമാണ്.

## പ്രധാനമന്ത്രി

ആന്ധ്രാപ്രദേശിലെ വിശാഖ് റിഫൈനറിയിൽ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ റെസിഡ്യൂ അപ്ഗ്രേഡേഷൻ ഫെസിലിറ്റി' വിജയകരമായി കമ്മീഷൻ ചെയ്തതിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി . ഊർജ്ജ സ്വയംപര്യാപ്തതയിലേക്കുള്ള ഇന്ത്യയുടെ കുതിപ്പിന് ഈ അത്യാധുനിക സംവിധാനം കരുത്തേകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

RNU TVPM

## വിരവിമുക്ത ദിനാചരണം

ദേശീയ വിരവിമുക്ത ദിനാചരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം മന്ത്രി വീണ ജോർജ് ഇന്ന് ഉച്ചയ്ക്ക് തിരുവനന്തപുരത്ത് നിർവഹിക്കും. മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മേയർ വി.വി രാജേഷ് മുഖ്യാതിഥിയാകും. ദിനാചരണത്തിന്റെ ഭാഗമായി ഒന്ന് മുതൽ 19 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും വിരനശീകരണത്തിനുള്ള ആൽബൻഡസോൾ ഗുളിക നൽകും. ഇന്ന് ഗുളിക ലഭിക്കാത്ത കുട്ടികൾക്ക് ഈ മാസം 12 ന് ഗുളിക നൽകുന്നതാണ്.

## മലേഷ്യ ഓപ്പൺ ബാഡ്മിന്റൺ

ക്വാലാലംപൂരിൽ ഇന്ന് നടക്കുന്ന മലേഷ്യ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ പി.വി. സിന്ധു മത്സരിക്കും. പരിക്കിനെ തുടർന്ന് മത്സരങ്ങളിൽ നിന്ന് വിട്ടു നിന്ന പി വി സിന്ധുവിന്റെ തിരിച്ചുവരവാകും ഈ ടൂർണമെന്റ്.

## ശബരിമല - തിരക്ക്

മകരവിളക്കിന് ഒരാഴ്ചമാത്രം ശേഷിക്കേ ശബരിമലയിൽ വൻ

ഭക്തജന തിരക്ക്. ഇന്നലെ നട അടച്ചതു മുതൽ ഇന്ന് രാവിലെ 11 മണി വരെ 50,740 തീർഥാടകർ സന്നിധാനത്തെത്തി ദർശനം നടത്തി. തിരക്ക് നിയന്ത്രണത്തിൻ്റെ ഭാഗമായി നിലയ്ക്കൽ മുതൽ ഘട്ടം ഘട്ടമായി, നിയന്ത്രണങ്ങളോടെയാണ് ഭക്തരെ കയറ്റിവിടുന്നത്.

RNUTVPM

## ഓഹരി- സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 222 പോയിന്റ് താഴ്ന്ന് 85,207 ലും, നിഫ്റ്റി 42 പോയിന്റ് നഷ്ടത്തിൽ 26,211 ലും വ്യാപാരം തുടരുന്നു. സ്വർണ വില കൂടി. പവന് 440 രൂപ വർധിച്ച് ഒരു ലക്ഷത്തി 1,800 രൂപയും, ഗ്രാമിന് 12,725 രൂപയുമാണ് ഇന്നത്തെ വില.

## കെ.എസ്.ആർ.ടി.സി

ടിക്കറ്റ് വരുമാനത്തിൽ സർവ്വകാല റെക്കോർഡ് സൃഷ്ടിച്ച് കെ.എസ്.ആർ.ടി.സി. ഇന്നലെ ടിക്കറ്റ് വരുമാനത്തിൽ മാത്രം 12.18 കോടിയാണ് കെ.എസ്.ആർ.ടി.സി യ്ക്ക് ലഭിച്ചത്. എല്ലാവരുടെയും കൂട്ടായ ശ്രമത്തിന്റെ ഫലമാണ് ഈ നേട്ടമെന്ന് മന്ത്രി കെ.ബി.ഗണേഷ്കുമാർ പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## കക്കാട് - പുരസ്കാരം

പതിനാറാമത് കക്കാട് സാഹിത്യ പുരസ്കാര സമർപ്പണവും അനുസ്മരണ സമ്മേളനും ഇന്ന് വൈകിട്ട് കോഴിക്കോട് കെ.പി കേശവമേനോൻ ഹാളിൽ നടക്കും. ആർക്കിയോളജി സർവ്വേ ഓഫ് ഇന്ത്യ മുൻ റീജിയണൽ ഡയറക്ടർ കെ.കെ. മുഹമ്മദ് ഉദ്ഘാടനം നിർവഹിക്കും. എസ്.ശ്രീയ, സി.എസ്. ഹരികൃഷ്ണൻ, ശിഹാബുദീൻ പൊയ്ത്തുംകടവ് എന്നിവർക്ക് പുരസ്കാരം സമർപ്പിക്കും.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## ആയുഷ് സമ്മേളനം

മൂന്നാമത് അന്താരാഷ്ട്ര ആയുഷ് സമ്മേളനത്തിനു ദുബായ് ആതിഥേയത്വം വഹിക്കും. അടുത്ത മാസം 15 മുതൽ 17 വരെ ദുബായ് വേൾഡ് ട്രേഡ് സെന്ററിൽ നടക്കുന്ന സമ്മേളനത്തിൽ 35 ലധികം രാജ്യങ്ങളിൽ നിന്നുള്ള 1,200-ലധികം പ്രതിനിധികൾ പങ്കെടുക്കും. ഇന്ത്യയുടെ ആയുഷ് മന്ത്രാലയത്തിന്റെയും ദുബായിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറലിന്റെയും നേതൃത്വത്തിൽ വേൾഡ് ആയുർവേദ ഫൗണ്ടേഷനുമായി സഹകരിച്ച് സയൻസ് ഇന്ത്യ ഫോറമാണ് പരിപാടി

സംഘടിപ്പിക്കുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸

## ഹൈസ്കൂൾ കായികമേള

41-മത് സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ കായിക മേള ഈ മാസം ഒൻപതിന് മന്ത്രി ഒ.ആർ കേളു ഉദ്ഘാടനം ചെയ്യും. വയനാട് മാനന്തവാടി ഗവ ടെക്നിക്കൽ ഹൈസ്കൂളിൽ നടക്കുന്ന ചടങ്ങിൽ ടി. സിദ്ധിഖ് എം.എൽ.എ, പ്രിയങ്ക ഗാന്ധി എം.പി എന്നിവർ പങ്കെടുക്കും. ജനുവരി 11 വരെയാണ് കായികമേള.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸☸☸☸

RNU TVPM